## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2980

07/02/2018-ലെ
മറുപടിക്ക്

### എച്ച്.എസ്സ്.എ ഇംഗ്ലീഷ് അധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) നിയമനത്തിന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലുമുള്ള ബിരുദത്തിന് പകരമായി പ്രസ്തുത വിഷയങ്ങളിലെ ബിരുദാനന്തര ബിരുദവും യോഗ്യതയായി കണക്കാക്കാമെന്നുള്ള കെ.ഇ.ആർ വ്യവസ്ഥ പരിഗണിക്കാതെ നിയമനാംഗീകാരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കെ.ഇ.ആർ ഭേദഗതി വരുത്തി പ്രസ്തുത വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്, കെ.ഇ.ആർ അദ്ധ്യായം XXXI ചട്ടം 2 ന്റെ പ്രൊവിസോയിൽ പ്രസ്തുത വ്യവസ്ഥ ചേർത്തിട്ടുണ്ട്. |
| (സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഡി.ഇ.ഒ യുടെ അധികാര പരിധിയിൽ വരുന്ന രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിൽ ഇപ്രകാരം 2013 ൽ നിയമിച്ച ഫാദർ ബെന്നി തോമസിന് ഇതുവരെയായിട്ടും നിയമനാംഗീകാരം കിട്ടിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) എങ്കിൽ കാലതാമസം കൂടാതെ ഈ പരാതി തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇ 2/84/2017/പൊ.വി.വ ഫയലിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ